**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2228** **13-09-2023 - ൽ മറുപടിയ്ക്ക്**

**വനിത സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 094/2020 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ; | (എ) | **കാറ്റഗറി നമ്പർ 094/2020 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും കേരള സായുധ വനിത പോലീസ് ബറ്റാലിയനിലേക്ക് 234 പേർക്ക് നിയമന ഉത്തരവ് നൽകുകയും 16.08.2023 തീയതിയിൽ 210 പേർ കേരള പോലീസ് അക്കാദമിയിൽ ട്രെയിനിംഗിൽ പ്രവേശിച്ചിട്ടുമുണ്ട്.** |
| (ബി) | വനിത സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | **സ.ഉ. (കൈ) നം. 190/2023/ആഭ്യന്തരം, തീയതി 23.08.2023 പ്രകാരം സർക്കാർ അനുവദിച്ച 200 ഒഴിവുകളും 19 NJD ഒഴിവുകളും NCA NJD വിഭാഗത്തിൽ വിവിധ ജില്ലകൾക്കായി 31 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (സി) | പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30.01.2017 ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 15/2017/ ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05.11.2019 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 175/2019/ആഭ്യന്തരം പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു.<br><br>25.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം പുതുതായി രൂപീകരിച്ച KAP ആറാം ബറ്റാലിയന് ആദ്യഘട്ടത്തിൽ അനുവദിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ